


**ഹായ്, കൂട്ടുകാരേ .....**

**എല്ലാവരും ഇന്നലത്തെ ക്ലാസ്സ് കണ്ടിരുന്നോ?**

**ക്ലാസ്സ് ഇഷ്ടമായോ?**

**ടീച്ചർ നിങ്ങൾക്ക് കുറേ പാട്ടുപാടി തന്നു, അല്ലേ ......**

**ആരായിരുന്നു അപ്പു?**

**നിങ്ങളെപ്പോലെ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടി. അല്ലേ?**

**ടീച്ചറുടെ ക്ലാസ്സ് ഒന്നുകൂടി കാണണോ?**

**താഴെ കാണുന്ന ചിത്രത്തിൽ ഒന്നു തൊട്ടു നോക്കിയേ......**



# വീട്ടിൽ ആരെല്ലാം?

അപ്പുവിന്റെ ആരൊക്കെയുണ്ടെന്ന് നിങ്ങൾക്ക് അറിയാമല്ലോ?



മുത്തശ്ശൻ



മുത്തശ്ശി



അച്ഛൻ



അമ്മ



അനിയത്തി



വാവ



അപ്പു

മുകളിൽ നൽകിയ ചിത്രം നോക്കി പേര് നിങ്ങളിടെ നോട്ട്ബുക്കിൽ എഴുതി പഠിക്കണേ...



നിങ്ങളുടെ വീട്ടിൽ ആരൊക്കെയുണ്ട്? ടീച്ചർക്ക് പറഞ്ഞുതരാമോ?

audio ടീച്ചർക്ക് അയച്ചുതരാൻ മറക്കല്ലേ....

# അപ്പുവിനെ സഹായിക്കാമോ?

**അപ്പുന്റെ അച്ഛൻ തോട്ടത്തിൽ നിന്ന് കുറേ പച്ചക്കറികളും പഴങ്ങളും ഒരു കൂട്ടയിൽ കൊണ്ടുവച്ചു.**



**"ഹായ്! ഈ പഴങ്ങളൊക്കെ എനിക്ക് വേണം." അപ്പു പറഞ്ഞു.**

**"പേരറിയാവുന്ന പഴങ്ങളും പച്ചക്കറികളും നീ കഴിച്ചോളൂ. കഴിക്കുന്നതിന് മുമ്പേ നന്നായി കഴുകണേ മോനേ...." അച്ഛൻ പറഞ്ഞു.**

**അപ്പുവിനെ നിങ്ങൾക്ക് സഹായിക്കാമോ?**





## ചിത്രം വരയാം... നിറം നൽകാം...

എല്ലാവരും അപ്പുവിനെ സഹായിച്ചു അല്ലേ...

നല്ല മക്കൾ...

നിങ്ങൾക്കിഷ്ടമുള്ള പച്ചക്കറികളുടെയും

പഴങ്ങളുടെയും ചിത്രം വരച്ച് നിറം നൽകുക.

അവയുടെ പേരെഴുതാൻ മറക്കല്ലേ.....

